(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മായം ചേർത്ത ഭക്ഷണസാധനങ്ങൾ ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുന്നവർക്കെതിരെയാണ് മായം ചേർക്കൽ നിയമവും ചട്ടവും അനുശാസിക്കും പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നത്.

(ഇ) പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ നിയമപ്രകാരം ജില്ല ഫുഡ് ഇൻസ്പെക്ടർമാരെ ലോക്കൽ ഹെൽത്ത് അതോറിറ്റിയായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. കച്ചവടസ്ഥാപനങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയയ്ക്കാനുള്ള അധികാരം ഫുഡ് ഇൻസ്പെക്ടർമാരിൽമാത്രം നിക്ഷിപ്തമാണെങ്കിലും ടി ഫുഡ് ഇൻസ്പെക്ടർമാരെ സൂപ്പർവൈസ് ചെയ്യേണ്ട ഉത്തരവാദിത്വം ലോക്കൽ ഹെൽത്ത് അതോറിറ്റിയായ ജില്ല ഫുഡ് ഇൻസ്പെക്ടർമാർക്കാണ്.

(എഫ്) അത്യാവശ്യ സന്ദർഭങ്ങളിൽ ജില്ലാ ഫുഡ് ഇൻസ്പെക്ടർമാർ കച്ചവട സ്ഥാപനങ്ങൾ പരിശോധിക്കാറുണ്ട്.

(ജി) നിയമപ്രകാരം പി.എഫ്.എ. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന കടകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഇപ്രകാരമുള്ള 27 കേസ്സുകൾ വിവിധ കോടതികളിലായി ഫയൽ ചെയ്തിട്ടുണ്ട്.

ആശുപത്രികളിലെ മാലിന്യങ്ങൾ

170 [2663] ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്പെഷ്യലൈസ്ഡ് ആശുപത്രികൾ എന്നിവയിലെ ഖരമാലിന്യങ്ങളും ദ്രവമാലിന്യങ്ങളും ഏതുവിധത്തിലാണ് നശിപ്പിച്ചു കളയുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ട്രീറ്റ് ചെയ്യുന്നതിന് എവിടെയെല്ലാം സൗകര്യമുണ്ട്;

(സി) ഇവ ട്രീറ്റ് ചെയ്യാതെ പുറത്തേക്കുവിടുന്നതിന്റെ ഭാഗമായി എന്തെല്ലാം പരിസ്ഥിതി പ്രശ്നങ്ങളാണ് ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രികളിൽനിന്നും ദ്രവമാലിന്യങ്ങൾ ഒഴുക്കി വിടുന്നതുകൊണ്ട് ഭൂഗർഭജലവും കിണറുകളിലെ വെള്ളവും മലിനപ്പെടുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഖരരൂപത്തിലുള്ള മാലിന്യങ്ങൾ ഇൻസിനറേറ്റർ മുഖേന കത്തിച്ചു കളയുകയും, ദ്രവരൂപത്തിലുള്ളവ ആട്ടോ ക്ലേവ് മുഖേന അണുവിമുക്തമാക്കിയ ശേഷം സെപ്റ്റിക് ടാങ്കുകളിലേക്ക് ഒഴുക്കുകയുമാണ് ചെയ്യുന്നത്. ആശുപത്രി യിൽനിന്നുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നത് അതിനായി പ്രത്യേകം പരിശീലനം ലഭിച്ച അറ്റൻഡർമാർ മുഖേനയാണ്. മാലിന്യങ്ങൾ തരംതിരിച്ച് കളർ കോഡുള്ള പ്രത്യേകം ബാഗുകളിൽ ശേഖരിച്ചാണ് നിർമ്മാർജ്ജനം ചെയ്യുന്നത്.

ഇൻസിനറേറ്റർ മുഖേന കത്തിച്ചുകളയാൻ സാധിക്കാത്ത തരം ഖര മാലിന്യങ്ങൾ പ്രത്യേകം തയ്യാറാക്കപ്പെട്ട ആഴത്തിലുള്ള കുഴികളിൽ ഇട്ട് മൂടുകയാണ് ചെയ്യുന്നത്.

(ബി) താഴെപ്പറയുന്ന ആശുപത്രികളിൽ മാലിന്യം കത്തിച്ചുകളയുന്നതിന് ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

(1) തിരുവനന്തപുരം ജനറൽ ആശുപത്രി
(2) കൊല്ലം ജില്ലാ ആശുപത്രി
(3) മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി
(4) മലപ്പുറം ജില്ലാ ആശുപത്രി
(5) ജില്ലാ ആശുപത്രി, തൃശ്ശൂർ
(6) പാലക്കാട് ജില്ലാ ആശുപത്രി
(7) കോഴിക്കോട് ജില്ലാ ആശുപത്രി

ഇവ കൂടാതെ ഐ.എം.എ.-യുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ ആരംഭിച്ചിട്ടുള്ള മാലിന്യ സംസ്കരണ പ്ലാന്റ് ഉപയോഗപ്പെടുത്തി എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ബയോ-മെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതി ആലോചനാഘട്ടത്തിലാണ്.

(സി) ആശുപത്രി മാലിന്യങ്ങൾ ഇൻസിനറേറ്റർ മുഖേന കത്തിച്ചു കളയുകയോ ആഴത്തിൽ കുഴിയെടുത്ത് മൂടുകയോ, ആട്ടോ ക്ലേവ് ചെയ്ത് അണുവിമുക്തമാക്കി സെപ്റ്റിക് ടാങ്കുകളിൽ ഒഴുക്കുകയോ ആണ് ചെയ്യുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആശുപത്രിയിൽനിന്നുള്ള ദ്രവമാലിന്യങ്ങൾ ആട്ടോക്ലേവ് ചെയ്ത് അണുവിമുക്തമാക്കി സെപ്റ്റിക് ടാങ്കുകളിലേക്ക് ഒഴുക്കി വിടുകയാണ് ചെയ്യുന്നത്.

എല്ലാ പ്രധാന ആശുപത്രികളിലും ഇൻസിനറേറ്റർ സ്ഥാപിക്കുവാൻ നടപടി

171 [2664] ശ്രീ. കെ. നാരായണക്കുറുപ്പ്:
" തോമസ് ചാഴികാടൻ:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആശുപത്രികളിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എന്തു സംവിധാനമാണ് നിലവിലുള്ളതെന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly